## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4600** **29.6.2012-ൽ മറുപടിക്ക്**

**'മാലിന്യ മുക്ത കേരളം' പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ<br>'' കെ. രാജു<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. കെ. അജിത് | ശ്രീ.മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) 'മാലിന്യ മുക്ത കേരളം' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത് എന്തെല്ലാമാണ്; | എ) ജനപ്രാതിനിധ്യത്തോടെ സ്കൂളുകൾ, ആശുപത്രികൾ, അംഗൻവാടികൾ, കോളനികൾ, മാർക്കറ്റുകൾ, പൊതുസ്ഥലങ്ങൾ എന്നിവ ശുചീകരിക്കുക, കെട്ടിക്കിടക്കുന്ന ജലം ഇല്ലായ്മചെയ്യുക, സ്വാശ്രയ ഗ്രൂപ്പുകൾ, വിദ്യാർത്ഥികൾ, തെരഞ്ഞെടുക്കപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപന പ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ശുചീകരണ പ്രവർത്തനങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. നഗരപ്രദേശങ്ങളിൽ വനിതാ സാനിട്ടറി കോംപ്ളക്സുകൾ, സർക്കാർ സ്കൂളുകളിൽ ശൗചാലയങ്ങൾ, അംഗൻവാടികളിൽ ശിശുസൗഹൃദ ടോയ്ലറ്റുകൾ എന്നിവ നിർമ്മിച്ചു നൽകുവാൻ സാമ്പത്തിക സഹായം, പ്ലാസ്റ്റിക് ബാഗുകൾ നിരോധിക്കാനുള്ള നടപടികൾ സ്വീകരിക്കുക എന്നിവ ഈ പരിപാടിയിലൂടെ ലക്ഷ്യമിടുന്നു. |
| ബി) മാലിന്യ മുക്ത കേരളം പദ്ധതി ഫലപ്രദമായിനടക്കുന്നില്ലായെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ; | ബി) ഇല്ല. |
| സി) ഈ പദ്ധതി ഫലപ്രദമായി നടപ്പിലാക്കാൻ എന്തെല്ലാം പ്രവർത്തന ങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | സി) മേൽ ഉത്തരവിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല. |

സെക്ഷൻ ഓഫീസർ